**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5225</u>** **<u>04-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ ഡിജിറ്റൽ സർവേ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ചിറയിൻകീഴ്, വർക്കല എന്നീ താലൂക്കുകളിലെ ഏതെല്ലാം വില്ലേജുകളിൽ ഡിജിറ്റൽ സർവേ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ? | (എ) | ചിറയിൻകീഴ് താലൂക്കിലെ മുദാക്കൽ, കീഴാറ്റിങ്ങൽ, ഇടയ്ക്കോട് എന്നീ വില്ലേജുകളെ ഒന്നാം ഘട്ടത്തിനും, കൊടുവഴന്നൂർ, പുളിമാത്ത് എന്നീ വില്ലേജുകളെ രണ്ടാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വർക്കല താലൂക്കിലെ ഒറ്റൂർ, ചെറുന്നിയൂർ എന്നീ വില്ലേജുകളെ ഒന്നാം ഘട്ടത്തിനും, അയിരൂർ, ചെമ്മരുതി എന്നീ വില്ലേജുകളെ രണ്ടാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ട് താലൂക്കുകളിലായി ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയ 5 വില്ലേജുകളുടെയും സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ